(ഇ) തന്റെ ജീവന് ഭീഷണിയുണ്ടെന്ന് കാണിച്ച് ഹംസക്കുട്ടി പുനലൂർ പോലീസിന് പരാതി നൽകിയിരുന്നുവോ; അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(എഫ്) പ്രതിയെ കസ്റ്റഡിയിൽ എടുക്കാത്തതുമായി ബന്ധപ്പെട്ട് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടികൾ നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രതിയെ പിടികൂടുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഷാജി എന്നു വിളിക്കുന്ന ഷാജഹാൻ തന്റെ ഭാര്യയുമായുള്ള അവിഹിത ബന്ധത്തെ സംബന്ധിച്ചുള്ള വിരോധം നിമിത്തം 6-12-2004-രാത്രി 9 മണിക്ക് ഹംസക്കുട്ടിയുടെ വീട്ടിലെ ഹാളിൽവച്ച് ഹംസക്കുട്ടിയെ മാരകമായി കുത്തി പരിക്ക് ഏൽപ്പിച്ചു. തടസ്സം പിടിക്കാൻ ചെന്ന ഹംസക്കുട്ടിയുടെ ഭാര്യയ്ക്ക് പരിക്ക് ഏൽക്കുകയും ചെയ്തു. ആശുപത്രിയിലേക്ക് പോകുന്ന വഴിക്ക് ഹംസക്കുട്ടി മരണപ്പെട്ടു. ആയതിലേക്ക് പുനലൂർ പോലീസ് സ്റ്റേഷനിൽ 302, 324, 449 ഐ.പി.സി. വകുപ്പുകൾ പ്രകാരം ക്രൈം 504/04 ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ബി) കൊല്ലം ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.യുടെ മേൽനോട്ടത്തിൽ പുനലൂർ സി. ഐ. അന്വേഷണം നടത്തിവരുന്നു. പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) പരാതി ലഭിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) പ്രതിയെ പിടികൂടുന്നതിന് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

ജഗതി കട്ടയ്ക്കാൽ വീട്ടിൽ ശിവരാജന്റെ മരണം

22 [1537] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കസ്റ്റഡിയിലും ജയിലിലും ആശുപത്രിയിലുമായി എത്ര തടവുകാർ മരണപ്പെട്ടു എന്നു വ്യക്തമാക്കാമോ . ;

(ബി) നായ പരിശീലകനായിരുന്ന ജഗതി സ്വദേശി കട്ടയ്ക്കാൽ വീട്ടിൽ ശിവരാജന്റെ മരണം സംബന്ധിച്ച് ആരാണ് അന്വേഷണം നടത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്വേഷണത്തിൽ ഈ മരണം സ്വാഭാവിക മരണമല്ലെന്ന് തെളിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കസ്റ്റഡി മരണം ഹൃദ്രോഗം മൂലമാണെന്ന പ്രചരണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (31-8-2004 മുതൽ 31-1-2005 വരെ) പോലീസ് കസ്റ്റഡിയിൽ മൂന്ന് മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

ജയിലിൽവച്ച് ആരും മരണമടഞ്ഞിട്ടില്ല. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന തടവുകാരിൽ 15 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) ക്രൈംബ്രാഞ്ച് എസ്.ഐ. ജി-1 ഡിവൈ.എസ്.പി. ശ്രീ. എ. ജെ. തോമസ് കുട്ടിയാണ് അന്വേഷണം നടത്തുന്നത്.

(സി) & (ഡി) നാളിതുവരെ അന്വേഷണത്തിൽ ടിയാന്റെ മരണം ഹൃദ്രോഗം മൂലമാണെന്നാണ് അറിവായിട്ടുള്ളത്. അന്വേഷണം പൂർത്തിയായിട്ടില്ല.

പി. ജെ. ജോണിന്റെ വീട്ടിൽ നടന്ന അക്രമം

23 [1538] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കുമാരനെല്ലൂരിൽ താമസിക്കുന്ന പി. ജെ. ജോൺ എന്നയാളിന്റെ വീട്ടിൽ 15-2-2004-ന് പുലർച്ചയ്ക്ക് കുറെ അക്രമികൾ കടന്നുകയറി ഭീകരമായ അക്രമം നടത്തിയതുമായി ബന്ധപ്പെട്ട ക്രൈം 179/04 ആയി ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലോ മറ്റ് ഏതെങ്കിലും പോലീസ് സ്റ്റേഷനിലോ കേസ് എടുത്തിട്ടുണ്ടോ ;

(ബി) എന്താണ് പ്രസ്തുത സംഭവത്തിന്റെ യഥാർത്ഥ വസ്തുതയെന്ന് വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത കേസിലെ പ്രതികൾ ; ഏതെല്ലാം വകുപ്പ് ഇട്ടാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കേസ് രജിസ്റ്റർ ചെയ്യുന്ന കാലഘട്ടത്തിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ എസ്. ഐ. ആരായിരുന്നു ; ബന്ധപ്പെട്ട ഏരിയായിലെ സി. ഐ. ആരായിരുന്നു ; ബന്ധപ്പെട്ട ഏരിയായിലെ ഡിവൈ. എസ്. പി. ആരായിരുന്നു ; പേരുവിവരം വെളിപ്പെടുത്തുമോ ; പ്രസ്തുത കേസ് രജിസ്റ്റർ ചെയ്ത പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു ; പേരുവിവരം വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത അക്രമ സംഭവം പോലീസ് അറിഞ്ഞത് എപ്രകാരമായിരുന്നു ; പ്രസ്തുത കേസിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട് ; അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ; എന്തായിരുന്നു സംഭവത്തിനു നിദാനമായി കരുതുന്ന പ്രശ്നങ്ങൾ എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly